**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പെരുമ്പാവൂർ നഗരസഭ – പെരുങ്കുളം പുഞ്ചയിലെ നഗരസഭാ ടൗൺഹാളിന് വഴി നിർമ്മിക്കുന്നതിന് 3.82 സെന്റ് സ്ഥലം വാങ്ങുന്നതിന് പെരുമ്പാവൂർ നഗരസഭയ്ക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.131/17/ത.സ്വ.ഭ.വ                    തിരുവനന്തപുരം , തീയതി, 17/01/2017.

---

പരാമർശം - 1) പെരുമ്പാവൂർ നഗരസഭ കൗൺസിലിന്റെ 18/04/2016 -ലെ 24-ാം നമ്പർ തീരുമാനം

2) പെരുമ്പാവൂർ നഗരസഭ സെക്രട്ടറിയുടെ 25/10/2016 ലെ പി.ഡബ്ല്യൂ2/ 2980/13 നമ്പർ കത്ത്

3) നഗരകാര്യ ഡയറക്ടറുടെ 11/11/2016 -ലെ ജി3-14314/2016 നമ്പർ കത്ത്

**ഉത്തരവ്**

പെരുമ്പാവൂർ നഗരസഭ പെരുങ്കുളം പുഞ്ചയിലെ സ്റ്റേഡിയത്തിൽ നിർമ്മാണം പൂർത്തിയായി വരുന്ന നഗരസഭ ടൗൺഹാളിന് കാളച്ചന്ത റോഡിൽ നിന്ന് വഴി നിർമ്മിക്കുന്നതിന് പെരുമ്പാവൂർ വില്ലേജ് ബ്ലോക്ക് നമ്പർ 69, റീസർവ്വെ 70 -ൽപ്പെട്ട 3.82 സെന്റ് സ്ഥലം ലാന്റ് അക്വിസിഷൻ നടപടി മുഖേന ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള കത്തിനോടൊപ്പം പെരുമ്പാവൂർ നഗരസഭ സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പെരുങ്കുളം പുഞ്ചയിലെ നിർദ്ദിഷ്ട സ്റ്റേഡിയത്തിലേയ്ക്ക് കാളച്ചന്ത റോഡിൽ നിന്നും സൗകര്യപ്രദമായ വഴി ആവശ്യമായതിലേയ്ക്ക് വരുന്ന ചെലവ് നഗരസഭ 2016-17 -ലെ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ടൗൺഹാളിന് വഴി നിർമ്മിക്കുന്നതിന് 3.82 സെന്റ് സ്ഥലം ലാന്റ് അക്വിസിഷൻ മുഖേന ഏറ്റെടുക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

എൻ. വിശ്രുതൻ ആചാരി

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം

സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം/അയയ്ക്കുന്നത്

**സെക്ഷൻ ഓഫീസർ**